**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 156** **12-02-2024 - ൽ മറുപടിയ്ക്ക്**

**കാസ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ പുരസ്കാരത്തിന് കേരളത്തെ അർഹമാക്കിയ പ്രത്യേക പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിൽ സാധാരണ ജനങ്ങളിൽ ഭാരിച്ച ചികിത്സാ ചെലവുകൾ മൂലം കുടുംബങ്ങൾ നേരിടുന്ന സാമ്പത്തിക ബാധ്യതയ്ക്ക് പരിഹാരം കാണുക, സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക എന്നീ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി സംസ്ഥാന സർക്കാർ രൂപം നൽകിയ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ് **കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ആർ.എസ്.ബി.വൈ, ചിസ്, ചിസ് പ്ലസ് എന്നിവയും, കേന്ദ്ര സർക്കാർ ആയുഷ്മാൻ ഭാരത് പദ്ധതിയുടെ കീഴിൽ രൂപം നൽകിയ പ്രധാന മന്ത്രി ജൻ ആരോഗ്യ യോജന പദ്ധതിയുമായി സഹകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ രൂപം നൽകിയ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി. 2020 ജൂലൈ മാസം മുതൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലൂടെ അഷ്വറൻസ് രീതിയിൽ ആണ് ഇത് നടപ്പിലാക്കി വരുന്നത്. നിലവിൽ 41,99,233 കുടുംബങ്ങൾ പദ്ധതിയിൽ അംഗങ്ങൾ ആണ്.<br><br>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി(KASP) പ്രകാരം അർഹതയുള്ള കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും പ്രായ വ്യത്യാസമില്ലാതെ അഞ്ച് ലക്ഷം രൂപയുടെ ദ്വിതീയ, തൃതീയ സൗജന്യ ചികിത്സ ഓരോ വർഷവും പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ആശുപത്രികളിൽ നിന്ന് ലഭിക്കുന്നതാണ്. പദ്ധതിപ്രകാരം ചുരുങ്ങിയത് 24 മണിക്കൂറെങ്കിലും കിടത്തി ചികിത്സ ആവശ്യമുള്ള ചികിത്സക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്. കിടത്തി ചികിത്സ ആരംഭിക്കുന്നതിന് മുൻപുള്ള 5 ദിവസത്തെ |

| | | | |
|---|---|---|---|
| | | | പരിശോധനകളും, മരുന്നുകളും സൗജന്യമായിരിക്കും. ആശുപത്രിയിൽ അഡ്മിറ്റാകുന്ന സമയത്ത് ചികിത്സക്കും, മരുന്നുകൾക്കും, പരിശോധനകൾക്കും ചെലവാകുന്ന മുഴുവൻ തുകയും പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. ഡിസ്ചാർജ്ജായതിന് ശേഷം പരമാവധി 15 ദിവസം (ഡോക്ടറുടെ നിർദ്ദേശ പ്രകാരം) വരെയുള്ള മരുന്നുകളും പരിശോധനകളും ചികിത്സയും സൗജന്യമാണ്.<br><br>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെയാണ് രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ പുരസ്കാരത്തിന് കേരളം അർഹത നേടിയത്. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനം എന്ന വിഭാഗത്തിൽ തുടർച്ചയായ മൂന്നാം തവണയാണ് ഈ പുരസ്കാരം ലഭിക്കുന്നത്.<br><br>പദ്ധതിയുടെ പ്രാരംഭകാലഘട്ടം മുതൽ സംസ്ഥാനത്ത് കൂടുതൽ ആശുപത്രികളെ എംപാനൽ ചെയ്യുന്നതിനായി സമഗ്രമായ ക്യാമ്പയിൻ സംഘടിപ്പിച്ചു. ഇതോടൊപ്പം പദ്ധതിയുമായി ബന്ധപ്പെട്ട ബോധവത്കരണ പരിപാടികൾ സംസ്ഥാന-ജില്ലാ തലങ്ങളിൽ സംഘടിപ്പിച്ചു. കുടുംബശ്രീ പ്രവർത്തകർ, ആശ വർക്കർമാർ എന്നിവർക്കായി പ്രത്യേക ബോധവത്കരണ പരിപാടികൾ, ABCD കാമ്പയിനുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവയിലൂടെ പദ്ധതിയെക്കുറിച്ചു സമഗ്രമായ ബോധവത്കരണം സമൂഹത്തിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞു. ഇത്തരത്തിൽ ഗുണഭോക്താക്കളുടെയും, എംപാനൽ ചെയ്ത ആശുപത്രികളുടെയും വർധനവിലൂടെയാണ് കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള പുരസ്കാര നേട്ടം കേരളത്തിന് കൈവരിക്കാനായത്.<br><br>കാഴ്ച പരിമിതരായിട്ടുള്ള പദ്ധതി ഗുണഭോക്താക്കൾക്കായി ചികിത്സാ കാർഡ് ബ്രെയ്‌ലി ലിപിയിൽ ലഭ്യമാക്കിയതിന് 'മികവുറ്റ പ്രവർത്തനങ്ങൾ' എന്ന വിഭാഗത്തിലെ പുരസ്കാരം, അനുവദിച്ച തുകയുടെ പൂർണ വിനിയോഗം നടത്തിയ സംസ്ഥാനം, ഓരോ 1000 കുടുംബങ്ങൾക്കും ഏറ്റവും കൂടുതൽ ആശുപത്രി കിടക്കകൾ എംപാനൽ ചെയ്ത സംസ്ഥാനം, 90% കുടുംബങ്ങൾക്കും ഏതെങ്കിലും ആയുഷ്മാൻ കാർഡ് ഉറപ്പാക്കിയ സംസ്ഥാനം എന്നീ വിഭാഗങ്ങളിലും 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് പുരസ്കാരം ലഭിച്ചിട്ടുണ്ട്. |
| (ബി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയത് ഏത് വർഷമാണെന്നും | (ബി) | ഉത്തരം (എ) പിരിവിൽ രേഖപ്പെടുത്തിയിരിക്കുന്നു. |

| | | | |
|---|---|---|---|
| | സംസ്ഥാനത്ത് നാളിതുവരെ എത്ര കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കുമോ; | | |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി 2022-23-ൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും അതിൽ സംസ്ഥാനത്തിന്റെയും കേന്ദ്ര സർക്കാരിന്റെയും വിഹിതം എത്ര വീതമാണെന്നും വെളിപ്പെടുത്തുമോ; | (സി) | 2022-23-ൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ ആകെ 1543 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകിയിട്ടുണ്ട്. അതിൽ 151 കോടി രൂപ മാത്രമാണ് കേന്ദ്ര വിഹിതം. |
| (ഡി) | 2021-22, 2022-23 എന്നീ വർഷങ്ങളിൽ ഈ പദ്ധതിയ്ക്കായി സംസ്ഥാനം എന്ത് തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ? | (ഡി) | 2021-22 -ൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ1468 കോടി രൂപയുടെയും 2022-23 ൽ 1543 കോടി രൂപയുടെയും സൗജന്യ ചികിത്സ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ